# ദുൽഹിജ്ജ: പത്ത് നാളിന്റെ പ്രത്യേകതയും, ബലിപെരുന്നാളിന്റെയും ബലികർമ്മത്തിന്റേയും വിധികളും

[ Malayalam - aebmfw -مليالم]

﴾ فضل العشر من ذي الحجة

وأحكام عيد الأضحى والأضحية ﴿


## അബ്ദുൽ മലിക്ക് അൽ ഖാസിം

عبدالملك القاسم

ترجمة: سيد سعفر صادق

പരിഭാഷ: സയ്യിദ് സഅ്ഫർ സ്വാദിഖ്



دار القاسم

islamhouse.com

1430 - 2009

# بسم الله الرحمن الرحيم

## الحمد لله، والصلاة والسلام على رسول الله.. وبعد:

**ദുൽ ഹിജ്ജ: പത്ത് നാളിൻെറ ശ്രേഷ്ടതകൾ.**

ലോക രക്ഷിതാവിനാണ് സർവ്വ സ്തുതിയും, പ്രവാചകൻമാരിലും, നബിമാരിലും ശ്രേഷ്ടനായ നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി(സ)യിലും കുടുംബത്തിലും, അനുചരൻമാരിലും ശാന്തിയും, സമാധാനവും സദാ വർഷിക്കുമാറാവട്ടെ.

സൽകർമ്മങ്ങൾ വർദ്ദിപ്പിക്കുവാൻ അല്ലാഹു അവൻെറ സൽകർമ്മികളായ അടിമകൾക്ക് നൽകുന്ന അനുഗ്രഹങ്ങളാണ് ആരാധനകൾ വർദ്ദിപ്പിക്കുവാനുള്ള സന്ദർഭങ്ങൾ, അങ്ങിനെയുള്ള ദിനങ്ങളിൽ മഹത്വരമായതാണ് ദുൽഹിജ്ജയിലെ പത്ത് ദിനങ്ങൾ. ഇതിൻെറ ശ്രേഷ്ടതകൾ വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും ഒരുപാട് നമുക്ക് കാണാനാവും.

1- അല്ലാഹു പറയുന്നു

والفَجر، ولَيالٍ عشر [الفجر:1--2]

(പ്രഭാതം തന്നെയാണ സത്യം. പത്തു രാത്രികൾ തന്നെയാണ സത്യം.)

ഇബ്നുകഥീർ(റ) പറയുന്നു: ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ദുൽഹിജ്ജയിലെ പത്ത് ദിനങ്ങളാണെന്ന്.

2- അല്ലാഹു പറയുന്നു:

ويذْكُرُوا اسم اللهِ فِي أيامٍ معلُوماتٍ [الحج:28]

(നിശ്ചിത ദിവസങ്ങളിൽ അവൻെറ നാമം ഉച്ചരിച്ചു കൊണ്ട് )

ഇബ്നു അബ്ബാസ്(റ)പറഞ്ഞു: ഇത് ഈ പത്ത് ദിനങ്ങളാകുന്നു.

3- ഇബ്നു അബ്ബാസ് വിൽ നിന്ന്, റസൂൽ(സ) പറയുകയുണ്ടായി:

{ "ما العمل في أيام أفضل من هذه العشر" قالوا: ولا الجهاد؟ قال: "ولا الجهاد إلا رجلٌ خرج يخاطر بنفسه وماله فلم يرجع بشيء" } [رواه البخاري].

ഈ പത്ത് ദിനങ്ങളിൽ ചെയ്യുന്ന കർമ്മങ്ങൾക്കുള്ള ശ്രേഷ്ടത മറ്റൊരു കർമ്മത്തിനുമില്ല, അവർ ചോദിച്ചു, ജിഹാദിനുമില്ലേ? പറഞ്ഞു: ജിഹാദിനുമില്ല, ഒരാൾ തൻെറ ശരീരവും, സമ്പത്തുമായി ജിഹാദിന്പോയി, അവൻ പിന്നെ മടങ്ങി വന്നില്ല, അതൊഴിച്ച്. (ബുഖാരി)

4- ഇബ്നു ഉമർ വിൽ നിന്ന്: റസൂലുല്ലാഹ്(സ) പറയുകയുണ്ടായി:

{ ما من أيام أعظم عند الله سبحانه ولا أحب إليه العمل فيهن من هذه الأيام العشر. فأكثروا فيهن من التهليل والتكبير والتحميد } [رواه الطبراني في المعجم الكبير].

ഉന്നതനും, പ്രതാപവാനുമായ അല്ലാഹുവിൻെറയടുത്ത് ഈ പത്ത് ദിനത്തേക്കാൾ ശ്രേഷ്ടതയുള്ള മറ്റു ദിനമോ, അതിലുള്ള കർമ്മത്തേക്കാൾ ഉത്തമമായ കർമ്മമോ ഇല്ല, അത്കൊണ്ട് അതിൽ നിങ്ങൾ തഹ്ലീലും, തക്ബീറും, തഹ്മീദും അധികരിപ്പിക്കുക. (ത്വബ്റാനി തൻെറ മുഅ്ജമുൽ കബീറിൽ)

5- ഇബ്നു അബ്ബാസിൻെറ മുകളിൽ ഉദ്ദരിച്ച ഹദീസ് റിപ്പോർട്ട് ചെയ്യുന്നത് സഈദ്ബ്നു ജുബൈറാണ്, അദ്ദേഹം ഈ പത്ത് ദിനം സമാഗതമായി കഴിഞ്ഞാൽ തനിക്ക് കഴിയില്ലായെന്ന് തോന്നുമാറ് സൽകർമ്മങ്ങൾ വർദ്ദിപ്പിക്കാനായി പരിശ്രമിക്കാറുണ്ടായിരുന്നു. (ദാരിമി ഹസനായ സനദോടു കൂടി റിപ്പോർട്ട് ചെയ്തത്)

6- ഇബ്നുൽ ഹജർ ഫത്ഹുൽബാരിയിൽ പറയുന്നു: ദുൽഹിജ്ജയിലെ ഈ പത്ത് ദിനങ്ങൾക്ക് ഇത്രയും ശ്രേഷ്ടത വരുവാൻ കാരണം പ്രധാനപ്പെട്ട എല്ലാ ആരാധനകളും ഈ ദിനങ്ങളിൽ ഒരുമിക്കുന്നു എന്നതിനാലാകണം. അവ: നമസ്കാരം, നോമ്പ്, ദാനധർമ്മങ്ങൾ, ഹജ്ജ്. ഈ ആരാധനകൾ മുഴുവനും ഈ ദിനങ്ങളിൽ മാത്രമാണ് ഒന്നിച്ച് വരുന്നത്.

7- ചില പണ്ഡിതൻമാർ പറയുന്നത് ദിനങ്ങളിൽ ഏറ്റവും ശ്രേഷ്ടതയുള്ളത് ദുൽഹിജജയിലെ പത്ത് ദിനങ്ങളാണ്, ഏറ്റവും ശ്രേഷ്ടതയുള്ള രാവുകൾ റമളാനിലെ അവസാന പത്ത് രാവുകളുമാകുന്നു.

## ചെയ്യേണ്ട കർമ്മങ്ങൾ:

1- നമസ്കാരം: ഫർള് നമസ്കാരങ്ങൾക്കായി പള്ളികളിലേക്ക് വളരെ നേരത്തെ പോവുക, സുന്നത്ത് നമസ്കാരങ്ങൾ അധികരിപ്പിക്കുക, കാരണം നമസ്കാരമാണ് അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന കർമ്മങ്ങളിൽ ഉത്തമമായിട്ടുള്ളത്.

عن ثوبان - رضي الله عنه - قال سمعت رسول الله - صلى الله عليه وسلم - يقول: { عليك بكثرة السجود لله فإنك لا تسجد سجدة إلا رفعك إليه بها درجة، وحط عنك بها خطيئه } [رواه مسلم]

ഥൗബാൻ വിൽ നിന്ന്, റസൂലുല്ലാഹ് പറയുന്നതായി ഞാൻ കേട്ടു, താങ്കൾ അധികമായി അല്ലാഹുവിന് സുജൂദ് ചെയ്യുക, താങ്കൾ ഓരോ സുജൂദ് ചെയ്യുമ്പോഴും, അതുമുഖേന അല്ലാഹു താങ്കളുടെ പദവി ഉയർത്താതിരിക്കില്ല, താങ്കളിൽ നിന്ന് ഒരു പാപം മായ്ച്ച് കളയാതിരിക്കുകയുമില്ല. (മുസ്ലിം) ഇത് എല്ലാ വർഷവും, എല്ലാ സമയത്തും ചെയ്യേണ്ടതുണ്ട്.

2- നോമ്പ്.

عن هنيدة بن خالد عن امرأته عن بعض أزواج النبي - صلى الله عليه وسلم -، قالت: { كان رسول الله - صلى الله عليه وسلم - يصوم تسع ذي الحجة، ويوم عاشوراء، وثلاثة أيام من كل شهر } [رواه الإمام أحمد وأبو داود والنسائي].

ഹുനൈദബ്നു ഖാലിദ് തൻെറ പത്നിയിൽനിന്ന്, അവർ നബിécêയുടെ ചില ഭാര്യമാരിൽ നിന്ന്: റസൂലുല്ലാഹ്écê ദുൽഹിജ്ജയിൽ ഒൻപതം, മുഹർറം പത്തിനും, എല്ലാ മാസങ്ങളിലും മൂന്ന് ദിനങ്ങളിലും നോമ്പനുഷ്ടിക്കാറുണ്ടായിരുന്നു. (അഹ്മദ്, അബൂദാവൂദ്, നസാഇ)

ഇമാം നവവി ദുൽഹിജ്ജയിലെ പത്ത് ദിനങ്ങളിലെ നോമ്പിനെ സംബന്ധിച്ച് പറയുന്നു: അത് ശക്തിയ സുന്നത്തിൽ പെട്ടതാകുന്നു.

3- തക്ബീർ, തഹ്ലീൽ, തഹ്മീദ്. മുകളിൽ ഉദ്ദരിച്ച ഇബ്നു ഉമർ വിൻെറ ഹദീസിൻെറ അടിസ്ഥാനത്തിൽ.

{ فأكثروا فيهن من التهليل والتكبير والتحميد }

അതിൽ നിങ്ങൾ തഹ്‌ലീലും, തക്ബീറും, തഹ്മീദും അധികരിപ്പിക്കുക.

ഇമാം ബുഖാരി പറയുന്നു., ഇബ്നു ഉമർ, അബൂഹുറൈറ എന്നിവർ ഈ പത്ത് ദിനങ്ങളിൽ അങ്ങാടികളിൽ പോയി തക്ബീർ ചൊല്ലാറുണ്ടായിരുന്നു, അവരോടൊപ്പം ജനങ്ങളും തക്ബീർ ചൊല്ലാറുണ്ടായിരുന്നു,. വീണ്ടും അദ്ദേഹം പറയുന്നു: ഉമർ തൻെറ മിനയിലെ സ്ഥലത്ത് വെച്ച് തക്ബീർ ചെല്ലാറുണ്ടായിരുന്നു, അത് പള്ളിയിലെ ആളുകൾ കേൾക്കാറുണ്ടായിരുന്നു, അങ്ങിനെ അവർ തക്ബീർ ചൊല്ലും, അങ്ങാടികളിലുള്ളവരും, തക്ബീർ ചൊല്ലും, അങ്ങിനെ മിന തക്ബീർ കൊണ്ട് വിറ കൊള്ളുമായിരുന്നു.

ഇബ്നു ഉമർ ആ ദിനങ്ങളിൽ മിനയിൽ വെച്ച് തക്ബീർ ചൊല്ലാറുണ്ടായിരുന്നു, നമസ്കാരങ്ങൾക്ക് ശേഷവും, തൻെറ വിരിപ്പിൽ വെച്ചും, ജോലി സ്ഥലത്ത് വെച്ചും, തൻെറ സദസിൽ വെച്ചും, നടക്കുമ്പോഴുമെല്ലാം ഈ പത്ത് ദിനങ്ങളിലും തക്ബീർ ചൊല്ലാറുണ്ടായിരുന്നു. ഉമർ, ഇബ്നു ഉമർ, അബൂഹുറൈറ എന്നിവർ ചെയ്തതിനാൽ തന്നെ തക്ബീർ ഉറക്കെ ചൊല്ലുന്നതാണ് സുന്നത്ത്.

ഈ കാലത്ത് തേഞ്ഞ് മാഞ്ഞ് പോയിട്ടുള്ള ഈ സുന്നത്തിനെ മുസ്ലീങ്ങളായ നാം പുനർജീവിപ്പിക്കുവാൻ പരിശ്രമിക്കുക, സലഫു സ്വാലിഹീങ്ങൾ ചെയ്തതിന് വിപരീതമായി നല്ലയാളുകൾ തന്നെ ഈ സുന്നത്ത് മറന്ന് പോകാറായ ഈ സാഹചര്യത്തിൽ പ്രത്യേകിച്ചും.

4- അറഫാ നോമ്പ്: ഹാജിമാരല്ലാത്തവർ ദുൽഹിജ്ജ ഒൻപതിന് അറഫ നോമ്പനുഷ്ടിക്കൽ സുന്നത്താണ്. അതിനെ സംബന്ധിച്ച് റസൂലുല്ലാഹ് പറയുകയുണ്ടായി:

{ أحتسب على الله أن يكفر السنة التي قبله والسنة التي بعده } [رواه مسلم].

(അതിന് മുമ്പത്തെ ഒരു വർഷത്തെയും, അതിന് ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു)(മുസ്ലിം)

5- ബലിദിനത്തിൻെറ പ്രത്യേകതകൾ: ഈ ദിവസത്തിൻെറ പ്രത്യേകതയെ സംബന്ധിച്ച് അധിക മുസ്ലീങ്ങളും അശ്രദ്ധരാണ്, ചില പണ്ഡിതൻമാർ പറയുന്നത് അറഫാ ദിനത്തേക്കാളും ഒരു വർഷത്തിലെ ഏറ്റവും ശ്രേഷ്ടതയുള്ള ദിനമാണ് ഈ ദിവസം. ഇബ്നുൽ ഖയ്യിം പറയുന്നു: അല്ലാഹുവിൻെറയടുത്ത് ഏറ്റവും ഉത്തമമായ ദിനം

ബലിദിനമാകുന്നു, അബൂദാവൂദ് തൻെറ സുനനിൽ ഉദ്ദരിക്കുന്നത്പോലെ അതാണ് ഹജ്ജുൽ അക്ബർ എന്ന പേരിൽ അറിയപ്പെടുന്ന ദിവസം. റസൂലുല്ലാഹ് പറയുകയുണ്ടായി:

{ إن أعظم الأيام عند الله يوم النحر، ثم يوم القر }

(അല്ലാഹുവിൻെറയടുത്ത് ഏറ്റവും ഉത്തമമായ ദിവസം ബലിനൽകുന്ന ദിനമാകുന്നു, പിന്നീട് 'ഖർറ്' ദിനവുമാകുന്നു.) 'ഖർറ്' ദിനമെന്ന് പറഞ്ഞാൽ അത് മിനയിൽ രാപാർക്കുന്ന ദുൽഹിജ്ജ പതിനൊന്നാം ദിനമാണ്. അതുപോലെ തന്നെ അറഫ ദിനമാണ് ശ്രേഷ്ടതയുള്ളതെന്നും പറയപ്പെട്ടിട്ടുണ്ട്, കാരണം അന്ന് വ്യതമനുഷ്ടിക്കുകയാണെങ്കിൽ രണ്ട് വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുകയും, ആ ദിനം അടിമകളെ മോചിപ്പിക്കുന്നത് പോലെ മറ്റൊരു ദിനത്തിലും മോചിപ്പിക്കുകയില്ല, കാരണം അല്ലാഹു ആ ദിവസം അവൻെറ അടിമകളോട് കൂടുതൽ അടുക്കുകയും, മലക്കുകളെ അതിന് സാക്ഷികളാക്കുകയും ചെയ്യുന്നു. എന്നാൽ ഏറ്റവും ശരിയായ അഭിപ്രായം ആദ്യത്തേതാണ്. അതിനാണ് കൂടുതൽ തെളിവുള്ളത്. ശ്രേഷ്ടതയുള്ളത് ഏത് ദിവസത്തിനായാലും ആ ദിനങ്ങളിലെല്ലാം ഹാജിമാരാണെങ്കിലും, അല്ലാത്തവരാണെങ്കിലും അതിൽ പുണ്യങ്ങൾ അധികരിപ്പിക്കുവാൻ പരിശ്രമിക്കുക.

## നൻമയുടെ പൂക്കാലത്തെ എങ്ങിനെ സ്വീകരിക്കും?

നൻമയുടെ ദിനരാത്രങ്ങളെ സത്യസന്ധമായ പശ്ചാതാപ മനസോടെ, പാപങ്ങളും, കുറ്റങ്ങളും വിപാടനം ചെയ്ത് കൊണ്ട് സ്വീകരിക്കുക. കാരണം പാപങ്ങളാണ് അല്ലാഹുവിൻെറ അനുഗ്രഹത്തെ തടയുകയും, നിഷിദ്ധമാക്കുകയും ചെയ്യുന്നതും, തൻെറ യജമാനനും അടിമയുടെ ഹൃദയത്തിനുമിടയിലും മറയിടുന്നതും. അങ്ങിനെ അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ നൻമയുടെ വസന്ത കാലത്തെ ഞാൻ പ്രയോജനപ്പെടുത്തുമെന്ന ഒരുറച്ച തീരുമാനത്തോടെ അതിനെ നാം സ്വീകരിക്കുക. അല്ലാഹു പറയുന്നു:

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا [العنكبوت:69]

(നമ്മുടെ മാർഗത്തിൽ സമരത്തിൽ ഏർപെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുക തന്നെ ചെയ്യുന്നതാണ്)

وسارعُوا إلى مغفِرةٍ من ربكُم وجنةٍ عرضُها السماواتُ والأرضُ أعِدت لِلْمُتقِين   [آل عمران:133].

(നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്.)

മുസ്‌ലിം സഹോദരങ്ങളെ, ഈ അസുലഭമായ അവസരത്തെ ഉപയോഗപ്പെടുത്തുക, അവസരങ്ങൾ നഷ്ടപ്പെട്ട് ഖേദിക്കുന്നതിന് മുമ്പ് പ്രയോജനപ്പെടുത്തുക, ഐഹിക ജീവിതം എണ്ണപ്പെട്ട ദിനങ്ങളാണ്, നാം കർമ്മങ്ങൾ ചെയ്യേണ്ട വീട്ടിലാണ് ഇപ്പോഴുള്ളത്, നാളെ പ്രതിഫലം ലഭിക്കുന്ന, വിചാരണക്ക് വിധേയമാകുന്ന, സ്വർഗ നരകങ്ങളുടെ വിട്ടീലായിരിക്കും. അതുകൊണ്ട് അല്ലാഹു അനുഗ്രഹിച്ചവരോടപ്പം ചേരാൻ പരിശ്രമിക്കുക. അല്ലാഹു പറയുന്നു:

إنهُم كانُوا يسارعُونَ فِي الخيراتِ ويدعُوننا رغبًا ورهبًا وكانُوا لنا خاشِعِين   [الأنبياء:90]

(തീർച്ചയായും അവർ ( പ്രവാചകൻമാർ ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.)

## ബലി പെരുന്നാളിന്റെ വിധികൾ:

മുസ്‌ലിം സഹോദരാ, ഈ മഹത്തായ ദിനത്തെ സ്വീകരിക്കുവാൻ നിനക്ക് സൗഭാഗ്യം നൽകിയ അല്ലാഹുവിനെ സ്തുതിക്കുക, ഒരുപാട് ദിനങ്ങളും, മാസങ്ങളും സ്വീകരിക്കുവാൻ ആയുസ് നീട്ടിതന്ന അല്ലാഹുവിലേക്ക് അടുക്കുവാനുള്ള കർമ്മങ്ങളും, വാക്കുകളും, പ്രവർത്തനങ്ങളും അധികരിപ്പിക്കുക.

പെരുന്നാൾ ദിനം ഈ സമുദായത്തിന്റെ പ്രത്യേകതയാണ്, അതുപോലെ മതത്തിന്റെ പ്രത്യക്ഷ അടയാളങ്ങളിൽപെട്ടതും, ഇസ്‌ലാമിക ശരീഅത്തിന്റെ ചിന്നങ്ങളിൽ പെട്ടതുമാകുന്നു. അത്കൊണ്ട് അതിനെ പരിഗണിക്കുകയും, മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

ذَلِك ومن يُعظم شعائِر اللهِ فإنها مِن تقْوى القُلُوبِ   [الحج:32].

(അത് ( നിങ്ങൾ ഗ്രഹിക്കുക. ) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ).

## പെരുന്നാളിൻെറ വിധികളും, മര്യാദകളും താഴെ കൊടുക്കുന്നു:

**1- തക്ബീർ.**

അഫാദിനത്തിൻെറ പ്രഭാതം മുതൽ അയ്യാമുത്തശ്'രീഖിൽ പെട്ട ദുൽഹിജ്ജ: പതിമൂന്നിൻെറ അസർ വരെ തക്ബീർ ചൊല്ലുക. അല്ലാഹു പറയുന്നു:

وَاذْكُرُوا اللَّهَ فِي أَيَّامٍ مَعْدُودَاتٍ [البقرة:203]

(എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരിക്കുക.)

തക്ബീറിൻെറ രൂപം:

" الله أكبر، الله أكبر، لا إله إلا الله والله أكبر، الله أكبر ولله الحمد "

പള്ളികളിലും, അങ്ങാടികളിലും, വീടുകളിലും, നമസ്കാരങ്ങൾക്ക് പിറകെയും പുരുഷൻമാർക്ക് ഉച്ചത്തിൽ തക്ബീർ ചൊല്ലൽ സുന്നത്താണ്, അത് അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിൻെറയും, അവന് ആരാധനയർപ്പിക്കുന്നതിൻെറും, നന്ദി പ്രകടിപ്പിക്കുന്നതിൻെറയും പ്രകടമായ രൂപമാകുന്നു.

2- ഉളുഹിയ്യത്ത് അറുക്കുക. ബലി നൽകേണ്ടത് പെരുന്നാൾ നമസ്കാരത്തിന് ശേഷമാണ്. കാരണം റസൂലുല്ലാഹ്(സ) പറയുന്നു:

{ من ذبح قبل أن يصلي فليعد مكا ا أخرى، ومن لم يذبح فليذبح } [رواه البخاري ومسلم].

(ആരാണോ നമസ്കാരത്തിന് മുമ്പ് അറുക്കുന്നത്, അതിന് പകരമായി അവൻ അറുക്കട്ടെ, ആരാണോ അറുക്കാത്തത്, അവൻ അറുക്കുകയും ചെയ്യട്ടെ) (ബുഖാരി, മുസ്ലിം)

ബലി അറുക്കുവാനായി നാല് ദിനങ്ങൾ നിശ്ചയിച്ച് തന്നിരിക്കുന്നു. അവ: ബലി ദിനം, അതുപോലെ അയ്യാമുത്തശ്'രീഖ്. റസൂലുല്ലാഹ്(സ) പറയുന്നു:

**{ كل أيام التشريق ذبح } [انظر السلسلة الصحيحة برقم 2467].**

(അയ്യാമുത്തശ്‌രീഖിൻെറ എല്ലാ ദിവസവും അറവുണ്ട്.)

3- കുളി, പുരുഷൻമാർക്ക് സുഗന്ധം പൂശൽ. അമിതവ്യയമില്ലാതെ, ഞെരിയാണിക്ക് താഴെ പോകാതെ നല്ല വസ്ത്രം ധരിക്കൽ, താടി വടിക്കാതിരിക്കൽ, -(താടി വടിക്കൽ ഹറാമാണ്)- എന്നിവ സുന്നത്താണ്. എന്നാൽ സ്ത്രീകൾക്ക് ഇസ്‌ലാമിക പർദ്ദ ധരിച്ച്, സുഗന്ധം പൂശാതെ ഈദ്ഗാഹുകളിലേക്ക് പോകാവുന്നതാണ്. നമസ്കാരത്തിനും, അല്ലാഹുവിനെ ആരാധിക്കുവാനും വേണ്ടിയാണെങ്കിൽപോലും സ്ത്രീകൾ ഇസ്‌ലാമിക നിയമങ്ങൾ കർശനമായും പാലിക്കണം.

4- ഉദ്ഹിയ്യത്തിൽ നിന്ന് അൽപം കഴിക്കുക. റസൂലൽ(സ) നമസ്കാരത്തിൽ നിന്ന് മടങ്ങി വരുന്നത് വരെ ഭക്ഷിക്കാറില്ല, ശേഷം തൻെറ ഉദ്ഹിയ്യത്തിൽ നിന്ന് കഴിക്കാറുണ്ടായിരുന്നു.

5- സാധിക്കുമെങ്കിൽ ഈദ് ഗാഹിലേക്ക് നടന്ന് കൊണ്ട് പോവുക. പെരുന്നാൾ നമസ്കാരം മഴപോലെയുള്ള കാരണങ്ങളൊന്നുമില്ലെങ്കിൽ ഈദ് ഗാഹുകളിലാണ് നിർവ്വഹിക്കേണ്ടത്. കാരണം റസൂലുല്ലാഹ്(സ) അങ്ങിനെയാണ് ചെയ്തിരുന്നത്.

6- മുസ്‌ലീങ്ങളോടൊപ്പം നമസ്കരിക്കുക, ഖുതുബ കേൾക്കൽ സുന്നത്തുമാണ്. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തീമിയ്യയേ പോലുള്ള പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നത് താഴെ വരുന്ന ആയത്തിൻെറ അടിസ്ഥാനത്തിൽ പെരുന്നാൾ നമസ്കാരം നിർബ്ബന്ധമാണെന്നാണ്.

**فَصل لِربك وانحر [الكوثر:2]**

(ആകയാൽ നീ നിൻ്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.)

മതപരമായ കാരണങ്ങൾ കൂടാതെ അത് ഒഴിവാക്കുവാൻ പാടില്ല. കന്യകകളും, ആർത്തവമുള്ള സ്ത്രീകളും മുസ്‌ലീങ്ങളോടൊപ്പം പെരുന്നാൾ ദിനങ്ങളിൽ സന്നിഹിതരാവണം, എന്നാൽ ആർത്തവമുള്ള സ്ത്രീകൾ നമസ്കാരത്തിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യണം.

7- വഴികൾ വ്യത്യസ്ഥമാക്കുക. പ്രവാചകൻ(സ) ചെയ്തത് പോലെ ഈദ് ഗാഹിലേക്ക് ഒരു വഴിയിലൂടെ പോവുകയും, മറ്റൊരു വഴിയിലൂടെ തിരിച്ച് വരികയും ചെയ്യുക.

8- ഈദ് ആശംസകൾ കൈമാറുക. അല്ലാഹു നമ്മളിൽ നിന്നും, നിങ്ങളിൽ നിന്നും സ്വീകരിക്കട്ടെയെന്ന് പ്രാർത്ഥിച്ച് ഈദാശംസകൾ കൈമാറുന്നതിന് പ്രശ്നമില്ല.

മുസ്‌ലിം സഹോദരാ, തെറ്റിൽ നിന്ന് വിട്ട് നിൽക്കുവാനായി ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1- കൂട്ടമായിട്ടുള്ള തക്ബീർ. ഒരാൾ ചൊല്ലി മറ്റുള്ളവർ ഏറ്റു ചൊല്ലുന്ന രൂപത്തിൽ തക്ബീർ ചൊല്ലുവാൻ പാടില്ല.

2- പെരുന്നാൾ ദിനം നിഷിദ്ധമായ വിനോദങ്ങളിൽ ഏർപ്പെടുന്നത്. സംഗീതം കേൾക്കുക, സിനിമ കാണുക, പരസ്ത്രീ പുരുഷ സങ്കലനം പോലെയുള്ള തിൻമകളിൽ നിന്ന് നാം വിട്ട് നിൽക്കുക.

3- ഉദ്ഹിയ്യത്ത് അറുക്കുവാൻ ഉദ്ദേശിക്കുന്നവർ അറുക്കുന്നതിന് മുമ്പ് മുടിയോ, നഖമോ എടുക്കുക, ഇത് ചെയ്യാൻ പാടില്ല, റസൂലുല്ലാഹ്(സ) അത് വിരോധിച്ചിട്ടുണ്ട്.

4- അമിത വ്യയം ചെയ്യുക. യാതൊരു ഉപകാരമോ, ഗുണമോ ഇല്ലാതെ അനാവശ്യമായി ചിലവഴിക്കുവാൻ പാടില്ല. അല്ലാഹു പറയുന്നു:

ولا تسرفُوا إنّهُ لا يُحِب المُسرفين [الأنعام:141]

(നിങ്ങൾ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.)

## ബലികർമ്മവും, വിധികളും.

ബലി കർമ്മം അല്ലാഹു നിയമമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

فَصل لِربك وانحر [الكوثر:2]

(ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.)

والبُدنَ جعلناها لكُم من شعائر الله [الحج:36]

(ബലി ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു).

പ്രബലമായ സുന്നത്താണ് ബലികർമ്മം, അതിന് കഴിവുണ്ടായിട്ടും അതുപേക്ഷിക്കുന്നത് വെറുക്കപ്പെട്ടതാണ്. കാരണം അനസ് ഉദ്ദരിക്കുന്ന ഹദീസ് ബുഖാരിയും, മുസ്‌ലിമും ഉദ്ദരിക്കുന്നു: റസൂലുല്ലാഹ്(സ) രണ്ട് കൊമ്പുകളുള്ള നല്ല രണ്ട് ആടിനെ തൻെറ കൈകൾ കൊണ്ട് ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന് പറഞ്ഞ്കൊണ്ട് ബലി അറുക്കുകയുണ്ടായി.

## ബലിമൃഗങ്ങൾ ഏവ?

ഒട്ടകം, പശു, ആട് തുടങ്ങിയ വർഗത്തിൽപെട്ടവയാണ് ബലിമൃഗങ്ങൾ. അല്ലാഹു പറയുന്നു:

لِيذْكُرُوا اسم اللهِ على ما رزقَهم من بهيمةِ الأنعامِ [الحج:34]

(അവർക്ക് ഉപജീവനത്തിനായി അല്ലാഹു അവർക്ക് നൽകിയിട്ടുള്ള കന്നുകാലിമൃഗങ്ങളെ അവന്റെ നാമം ഉച്ചരിച്ചു കൊണ്ട് അവർ അറുക്കേണ്ടതിനു വേണ്ടിയത്രെ അത്.)

കണ്ണിന് അസുഖമോ, മുടന്തുള്ളതോ, രോഗമുള്ളതോ, എല്ല് പൊട്ടിയതോ ആയ മൃഗങ്ങൾ ബലി ദാനത്തിന് പറ്റുകയില്ല. വ്യക്തമായ ന്യൂനതകളിൽ നിന്ന് മുക്തമായ മൃഗങ്ങളെ മാത്രമെ ബലിയർപ്പിക്കാവൂ എന്ന് റസൂലുല്ലാഹ്(സ) വ്യക്തമാക്കിയിട്ടുണ്ട്.

അറുക്കേണ്ട സമയം: പെരുന്നാൾ നമസ്കാരം കഴിഞ്ഞാൽ അറുക്കാവുന്നതാണ്. കാരണം റസൂലുല്ലാഹ്(സ) പറയുന്നു:

{ من ذبح قبل الصلاة فإنما يذبح لنفسه، ومن ذبح بعد الصلاة والخطبتين فقد أتم نسكه وأصاب السنة } [متفق عليه].

"ആരെങ്കിലും നമസ്കാരത്തിന് മുമ്പ് അറുത്താൽ അതവന്ന് സ്വന്തത്തിന് വേണ്ടി അറുത്തതാണ്, ആരാണോ നമസ്കാരത്തിനും രണ്ട് ഖുതുബക്കും ശേഷം അറുക്കുന്നത് അവൻെറ ബലി പൂർണമാവുകയും, സുന്നത്തിനനുസരിച്ചാകുകയും ചെയ്തു" മുത്തഫഖുൻ അലൈഹി.

ബലിമൃഗത്തെ അറുക്കുവാൻ കഴിയുന്നവൻ സ്വയം തന്നെ അതിനെ അറുക്കണം, അറുക്കുമ്പോൾ ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്ന് പറയുകയും, ഇത് ഇന്ന

വ്യക്തിയുടേതാണെന്ന് വ്യക്തമാക്കുകയും ചെയ്യണം. സ്വന്തത്തിനാണെങ്കിലും, മറ്റുള്ളവരുടേതാണെങ്കിലും അവരുടെ പേര് വ്യക്തമാക്കണം. കാരണം റസൂലുല്ലാഹ്(സ) ആടിനെ അറുത്തപ്പോൾ ഇങ്ങനെ പറയുകയുണ്ടായി: "ബിസ്മില്ലാഹി അല്ലാഹു അക്ബർ, അല്ലാഹുവെ ഇത് എനിക്ക് വേണ്ടിയാണ്, അതുപോലെ എൻെറ സമുദായത്തിൽ ബലിയർപ്പിക്കാത്തവർക്കും വേണ്ടിയാകുന്നു." (അബൂദാവൂദ്, തിർമിദി). അറുക്കുവാൻ കഴിയാത്തവർ അറുക്കുന്ന സ്ഥലത്ത് സന്നിഹിതരാവണം.

ബലി വിതരണം ചെയ്യൽ:

ബലിയർപ്പിക്കുന്നവന് അതിൽ നിന്ന് ഭക്ഷിക്കൽ സുന്നത്താണ്, അതുപോലെ അടുത്ത ബന്ധുക്കൾക്കും, അയൽവാസികൾക്കും, പാവപ്പെട്ടവർക്കും അതിൽനിന്ന് ദാനം ചെയ്യുകയും ചെയ്യണം. അല്ലാഹു പറയുന്നു:

فَكُلُوا مِنها وأطعِمُوا البائِسَ الفَقِير [الحج:28]

( അങ്ങനെ അവയിൽ നിന്ന് നിങ്ങൾ തിന്നുകയും, പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക).

فَكُلُوا مِنها وأطعِمُوا القانِعَ والمُعتر [الحج:36]

(അങ്ങനെ അവ പാർശ്വങ്ങളിൽ വീണ് കഴിഞ്ഞാൽ അവയിൽ നിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും, ( യാചിക്കാതെ ) സംതൃപ്തിയടയുന്നവന്നും, ആവശ്യപ്പെട്ടു വരുന്നവന്നും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക. )

സലഫുകളിൽ പെട്ട ചിലർ ഇഷ്ടപ്പെടുന്നത് അതിനെ മൂന്ന് ഓഹരിയാക്കിയിട്ട്, അതിൽ ഒരു ഓഹരി സ്വന്തത്തിനും, ഒരു ഓഹരി സമ്പന്നർക്കും, അടുത്ത ഓഹരി പാവപ്പെട്ടവർക്കും എന്നുള്ള രൂപത്തിലാകുന്നു. അറുക്കുന്നവനും, അതിൻെറ ജോലിക്കാർക്കും കൂലിയെന്ന രൂപത്തിൽ അതിൻെറ മാംസം നൽകുവാൻ പാടില്ല.

ബലി നൽക്കുവാൻ ഉദ്ദേശിക്കുന്നവർ ബലിയറുക്കുന്നത് വരെ ദുൽഹിജ്ജയിൽ മുടിയെടുക്കുവാനോ, നഖം മുറിക്കുവാനോ പാടുള്ളതല്ല. കാരണം ഉമ്മുസലമ റസൂൽ(സ) യിൽ നിന്ന് ഉദ്ദരിക്കുന്നു:

{ إذا دخلت العشر وأراد أحدكم أن يضحي فليمسك عن شعره وأظفاره } [رواه أحمد ومسلم]،

"ബലിയർപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ ദുൽഹിജ്ജ്യിലെ പത്ത് ദിനത്തിൽ പ്രവേശിച്ച് കഴിഞ്ഞാൽ അവൻ തൻെറ മുടിയും, നഖവും നീക്കുവാൻ പാടുള്ളതല്ല" മുസ്ലിം. മറ്റൊരുറിപ്പോർട്ടിൽ ഉള്ളത്.

{ فلا يمس من شعره ولا بشره شيئاً حتى يضحي }

"തൻെറ മുടിയിൽ നിന്നും, തൊലിയിൽ നിന്നും ഉദുഹിയ്യത്ത് അറുക്കുന്നത്വരെ ഒന്നും എടുക്കുവാൻ പാടുള്ളതല്ല".

ദുൽഹിജ്ജ പത്തിനിടയിലാണ് ആരെങ്കിലും ഉദുഹിയ്യത്ത് അറുക്കുവാൻ ഉദ്ദേശിച്ചാൽ ഉദ്ദേശിച്ചത് മുതൽ അറുക്കുന്നത് വരെ ഈ നിയമം പാലിക്കണം. എന്നാൽ ഉദുഹിയ്യത്ത് അറുക്കുന്നവൻെറ കുടുംബത്തിന് ഈ നിയമം ബാധകമല്ല, അവർക്ക് മുടിയോ, നഖമോ, തൊലിയൊ എടുക്കുന്നതിന് വിരോധമില്ല. ഉദുഹിയ്യത്ത് അറുക്കുവാൻ ഉദ്ദേശിക്കുന്നവൻ നഖമോ, മുടിയോ എടുത്താൽ അല്ലാഹുവിനോട് അതിന് പശ്ചാതാപിക്കണം, പിന്നെ അങ്ങിനെ ചെയ്യാൻ പാടില്ല, അതിന് പ്രായശ്ചിത്തമില്ല. അത്മുഖേന ഉദുഹിയ്യത്തിന് യാതൊരു തടസ്സവും നേരിടുകയില്ല. മറന്ന്കൊണ്ടോ, അറിവില്ലായ്മ കൊണ്ടോ നഖമോ, മുടിയോ എടുത്തുപോയെങ്കിൽ അവന് യാതൊരു കുറ്റവുമില്ല. എന്നാൽ മുറിഞ്ഞുപോയ നഖം എടുത്തുമാറ്റുന്നതിനോ, കണ്ണിലേക്ക് തൂങ്ങി നിൽക്കുന്ന മുടി മാറ്റുന്നതിനോ, അതുമല്ലെങ്കിൽ ചികിൽസാർത്ഥം മന:പൂർവ്വം മാറ്റുന്നതിനോ യാതൊരു പ്രശ്നവുമില്ല. അതെല്ലാം അനുവദനീയമാണ്.

അവസാനം: മുസ്ലിം സഹോദരാ, പുണ്യങ്ങളും, നൻമകളും വർദ്ധിപ്പിക്കുവാൻ പരമാവധി പരിശ്രമിക്കുക, കുടുംബങ്ങളെ സന്ദർശിക്കുക, കോപവും, അസൂയയും, വെറുക്കപ്പെട്ട കാര്യങ്ങളും വിപാടനം ചെയ്യുക, ഇവയിൽ നിന്നെല്ലാം ഹൃദയത്തെ ശുദ്ധീകരിക്കുക, സാധുക്കളോടും, പാവപ്പെട്ടവരോടും, അനാഥകളോടും അനുകമ്പ കാണിക്കുകയും അവരെ സഹായിക്കുകയും, അവരെ സന്തോഷിപ്പിക്കുകയും ചെയ്യുക.

അല്ലാഹു ഇഷ്ടപ്പെടുകയും, തൃപ്തിപ്പെടുകയും ചെയ്യുന്ന കാര്യങ്ങൾ ചെയ്യാൻ തൗഫിഖിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

. وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين.